(സി) പുനർവിന്യാസംവഴി കൂടുതലായി അനുവദിച്ച 21 സെന്ററുകൾക്ക് സാധൂകരണം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന് 1.6.98-ൽ കത്തയച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൻമേൽ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

296 (1475) അംഗൻവാടി വർക്കർക്ക് ശമ്പളം നൽകണമെന്ന ആവശ്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കുന്ദമംഗലം, പൈങ്ങോട്ടുപുറം അംഗൻവാടി വർക്കറായ പി.കെ. ലീലയ്ക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുള്ള കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കോടതിവിധി പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതിവിധി പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

297 (1476) മിശ്രവിവാഹിതർക്ക് സഹായം നൽകുന്ന പദ്ധതികൾ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും മിശ്രവിവാഹിതർക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയിൽ വർഷങ്ങളായി അപേക്ഷകൾ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി ഈ പദ്ധതിപ്രകാരം എത്രപേർക്ക് ഇനിയും ആനുകൂല്യം നൽകാനുണ്ട്; എന്നതിന് ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(സി) കുടിശ്ശിക തീർത്ത അപേക്ഷകർക്കെല്ലാം ഇക്കൊല്ലംതന്നെ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 560 പേർക്ക് ധനസഹായം നൽകുവാനുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	അപേക്ഷകളുടെ എണ്ണം
1	തിരുവനന്തപുരം	115

LIBRARY ARCHIVES Kerala Legislative Assembly

2	കൊല്ലം	93
3	ആലപ്പുഴ	120
4	കോട്ടയം	61
5	പത്തനംതിട്ട	6
6	ഇടുക്കി	32
7	തൃശ്ശൂർ	28
8	എറണാകുളം	44
9	പാലക്കാട്	7
10	മലപ്പുറം	6
11	കോഴിക്കോട്	17
12	വയനാട്	7
13	കണ്ണൂർ	19
14	കാസർഗോഡ്	5
	ആകെ അപേക്ഷകൾ	560

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക തീർക്കുന്നതാണ്.

298 (1478) വികലാംഗർക്ക് നൽകുന്ന അംഗവൈകല്യ സർട്ടിഫിക്കറ്റ്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് കഴിഞ്ഞ രണ്ടുമാസമായി അംഗവൈകല്യ സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർട്ടിഫിക്കറ്റ് നൽകുവാൻ മെഡിക്കൽ ബോർഡിന് എന്നുമുതലാണ് ചുമതല നൽകിത്തുടങ്ങിയത്;

(സി) ജില്ലാതല മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകാതിരിക്കുന്ന സാഹചര്യത്തിൽ സർട്ടിഫിക്കറ്റ് നൽകുവാൻ പകരം സംവിധാനം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) 15.5.97-ലെ ജി.ഒ.(പി) 181/97/എച്ച് ആന്റ് എഫ്.ഡബ്ല്യു.ഡി. പ്രകാരം ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ് ജില്ലാ മെഡിക്കൽ ബോർഡുകൾക്ക് വികലാംഗ സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതല നൽകിയത്.

(സി) ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly